96.08 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ എടക്കാട് ചുള്ളി ബ്രാഞ്ച് കനാലിന്റെ ബണ്ട് റോഡിന് പകരം ഇടതുകര കനാലിന്റെ 3/600 മീറ്റർ മുതൽ 4/600 Km വരെയുള്ള ബണ്ട് റോഡ് പണിക്ക് G.O(Rt) No.97/2014/WRD dated 29-1-2014 പ്രകാരം 7.23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O(Rt)No. 227/2014/WRD dated 28/2/2014 പ്രകാരം MLA-LAC-ADP സ്കീമിൽ മഞ്ഞപ്ര കനാലിന്റെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി അനുമതി നൽകിയ 52 ലക്ഷം രൂപയിൽ 34 ലക്ഷം രൂപ ബണ്ടിലൂടെയുള്ള PWD റോഡിന് വകയിരുത്തിയിട്ടുണ്ട്.

(ഡി). മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഇ&എഫ്) ബണ്ട് റോഡുകൾ ഒന്നും പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടില്ല.

ബിയ്യം കായലിലേക്ക് ജലം എത്തിക്കുന്ന പദ്ധതി

148 (6853) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടും പദ്ധതിയിൽനിന്ന് നരിപ്പറമ്പ്, പൈതല്ലൂർ പ്രദേശത്തിലൂടെ ബിയ്യം കായലിലേക്ക് ജലം എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) ഇതിനുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് പദ്ധതി അടങ്കൽത്തുക എന്നിവ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമായാൽ കനാൽപോകുന്ന പ്രദേശങ്ങളിലെ ഇരുനില നെൽക്കൃഷിയും പച്ചക്കറി കൃഷിയും പുനഃസ്ഥാപിക്കാമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലക്ഷാമം നേരിടുന്ന പൊന്നാനി കോൾമേഖലയിലെ വിളവർദ്ധനയും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ബി) സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(സി-ഇ) സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയായാൽ മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly